"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - പുനലൂർ നഗരസഭയിലെ ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.118/2025/LSGD തീയതി,തിരുവനന്തപുരം, 13-01-2025

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 02.09.2019 തീയതിയിലെ ഇ3(എസ്.സി. 17/19/കൊല്ലം.) 25245/19 നമ്പർ കത്ത്.
2. 14.07.2021 തീയതിയിലെ ഇയു2-402/2019-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. പ്രിൻസിപ്പൽഡയറക്ടറുടെ 03.10.2024 തീയതിയിലെ LSGD/PD/1454/2023-VIGA4 നമ്പർ കത്ത്.

**ഉത്തരവ്**

പുനലൂർ നഗരസഭയിലെ ക്രമക്കേടുകൾ സംബന്ധിച്ച ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, പുനലൂർ നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 27/05/2019 ൽ നടത്തിയ മിന്നൽ പരിശോധനയിൽ അന്നേദിവസം സീനിയർ ക്ലർക്ക് ശ്രീമതി. അഖില വി.ആർ, അനുവാദം കൂടാതെ താമസിച്ചാണ് ഓഫീസിൽ ഹാജരായത് എന്നും, ഓഫീസ് അറ്റൻഡന്റ് ശ്രീ.ജി സുരേഷ് അനുവാദം കൂടാതെ ആബ്സന്റായിരുന്നുവെന്നും, ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷയുമായി ബന്ധപ്പെട്ട് 24.12.2016ൽ ഒക്കുപ്പൻസി നൽകിയ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ബിൽഡിംഗ് പെർമിറ്റിന്റെ ഫയലുമായി അറ്റാച്ച് ചെയ്തത് 19.06.2017ൽ മാത്രമാണ് എന്നും ആയതിന് സീനിയർ ക്ലർക്ക് ശ്രീ. നാദിർഷ ഉത്തരവാദിയാണെന്നും കണ്ടെത്തിയിരുന്നതിന്റെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശചെയ്തതനുസരിച്ച് പുനലൂർ നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീമതി. അഖില വി.ആർ, സീനിയർ ക്ലർക്ക് ശ്രീ. നാദിർഷ, ഓഫീസ് അറ്റൻഡന്റ് ശ്രീ. ജി സുരേഷ്, എന്നിവർക്കെതിരെ പരാമർശം 2 പ്രകാരം ലഘുശിക്ഷയ്ക്കുള്ള അച്ചടക്കനടപടി നടപടി ആരംഭിച്ച് കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണ മെമ്മോയ്ക്ക് പ്രസ്തുത ജീവനക്കാർ എതിർവാദപത്രിക സമർപ്പിച്ചിരുന്നതും, 27/05/2019 ൽ അനുവാദം കൂടാതെ അവധിയിലായിരുന്നു എന്ന ആരോപണത്തിൽ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ. ജി. സുരേഷിന്റെ വിശദീകരണത്തിൽ, 27/05/2019 ഓഫീസിൽ ഹാജരാക്കുന്നതിന് വേണ്ടി ബസ് സ്റ്റാൻഡിൽ എത്തുകയും എന്നാൽ തനിക്ക് വയറിന് ഒരു അസ്വസ്ഥത അനുഭവപ്പെടുകയും പെട്ടെന്ന് വീട്ടിൽ തിരികെ പോകേണ്ട അവസ്ഥയിലാകുകയും ചെയ്തുവെന്നും ശാരീരികമായ അസ്വസ്ഥത കാരണം തിരികെ ഓഫീസിൽ ഹാജരാകുവാൻ

കഴിഞ്ഞില്ലായെന്നും, അതിനാൽ ഓഫീസിൽ അറിയിക്കുവാനോ ലീവ് നൽകുന്നതിനോ സാധ്യമായില്ലായെന്നും അറിയിക്കുന്നു. മേലിൽ ഒരു കൃത്യവിലോപം തന്റെ ഭാഗത്ത് നിന്നുണ്ടാകാതെ ഓഫീസിൽ കൃത്യമായി ഹാജരായി ജോലി ചെയ്തു കൊള്ളാമെന്നും ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കി നൽകണമെന്ന് ടിയാൻ അപേക്ഷിച്ചിരുന്നു.

3. ശ്രീമതി അനിതകുമാരി എന്നയാളുടെ പെർമിറ്റിനുള്ള അപേക്ഷയുമായി ബന്ധപ്പെട്ട് 24/12/2016 ൽ ഒക്കുപ്പൻസി നൽകിയ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ബിൽഡിംഗ് പെർമിറ്റിന്റെ ഫയലുമായി അറ്റാച്ച് ചെയ്തത് 19/06/2017 ൽ മാത്രമാണെന്ന് വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയതിന് ഉത്തരവാദിയാണെന്ന ആരോപണത്തിന് പുനലൂർ നഗരസഭ സീനിയർ ക്ലർക്കായ ശ്രീ. നാദിർഷ കെ- യുടെ വിശദീകരണം പ്രകാരം, കുറ്റാരോപണ മെമ്മോയിൽ പരാമർശിച്ചിരിക്കുന്ന വിധം 24/12/2016 ൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ലഭിച്ചിരുന്നതായും, എന്നാൽ ടി അപേക്ഷ സംബന്ധിച്ച് കെട്ടിട നിർമ്മാണ അനുമതി നൽകിയ ബിൽഡിംഗ് ആപ്ലിക്കേഷൻ ഫയൽ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ലായെന്നും, ഇതേ കാലയളവിൽ നഗരസഭ പി.എം.എ.വൈ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതി ഗുണഭോക്താക്കളുടെ അപേക്ഷ സംബന്ധിച്ച് ഫീൽഡ് സന്ദർശനം നടത്തി റിപ്പോർട്ട് ചെയ്യുന്ന ഡ്യൂട്ടിയും തന്നിൽ നിക്ഷിപ്തമാകുകയും ആയതിന്റെ അന്വേഷണവുമായി എല്ലാ ദിവസവും ഫീൽഡിൽ പോകേണ്ടി വന്നിരുന്നതായും, എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട് വിവരാവകാശം, വാഹനങ്ങൾ സംബന്ധിച്ച ഫയൽ വർക്കുകൾ, ടൌൺ പ്ലാനിംഗ് മരാമത്ത് വർക്കുകൾ, തെരുവ് വിളക്ക് പരിപാലനം എന്നിവ ഉൾപ്പെട്ട സെക്ഷനുകൾ കൈകാര്യം ചെയ്യുന്നതിനാൽ ജോലിയുടെ ബാഹുല്യം ഉണ്ടായിരുന്നതിനാലാണ് പരാമർശിത കെട്ടിട നിർമ്മാണ പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുന്നതിനായി ആയതിന്റെ മുൻ ഫയൽ കണ്ടെത്താൻ കഴിയാതെ വന്നത് എന്നറിയിക്കുന്നു. ആയതിനാൽ തന്റെ ഭാഗത്ത് നിന്ന് മനപൂർവ്വമല്ലാതെയുണ്ടായ വീഴ്ച മാപ്പാക്കി ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് ടിയാൻ അപേക്ഷിക്കുകയുണ്ടായി.

4. 27/05/2019 ൽ നടത്തിയ പരിശോധനയിൽ സീനിയർ ക്ലർക്ക് ശ്രീമതി അഖില വി.ആർ. അന്നേദിവസം അനുവാദം കൂടാതെ താമസിച്ചാണ് ഓഫീസിൽ ഹാജരായത് എന്നും ആയതിനെക്കുറിച്ച് ചോദിച്ചതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയില്ല എന്ന ആരോപണത്തിന് ശ്രീമതി അഖില വി.ആർ. ന്റെ വിശദീകരണം പ്രകാരം പുനലൂർ നഗരസഭയിൽ 10/08/2018 മുതൽ 24/02/2021 വരെ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന താൻ ചടയമംഗലം ഗ്രാമപഞ്ചായത്തിലെ പോരേടം എന്ന സ്ഥലത്ത് നിന്നും 30കി.മീ. ദൂരം കെ.എസ്.ആർ.റ്റി.സി. ബസിനെ ആശ്രയിച്ച് യാത്ര ചെയ്താണ് പുനലൂർ നഗരസഭയിൽ ജോലിക്കായി ഹാജരായിരുന്നത് എന്നും, 27/05/2019 തീയതിയിൽ വിജിലൻസ് പുനലൂർ നഗരസഭയിൽ മിന്നൽ പരിശോധന നടത്തിയിരുന്ന ദിവസം കൃത്യസമയത്ത് എനിക്ക് ഓഫീസിൽ ഹാജരാകാൻ സാധിച്ചില്ലായെന്നും ടി കാലയളവിൽ അഞ്ചൽ-പുനലൂർ റോഡിന്റെ വിവിധ ഭാഗങ്ങളിലായി മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരികയായിരുന്നതിനാൽ ഗതാഗത തടസ്സം രൂക്ഷമായതിനെ തുടർന്ന് ബസ് മറ്റൊരു വഴിയിലൂടെ തിരിച്ചു വിടുകയായിരുന്നതിനാൽ ഓഫീസിലെത്താൻ വൈകുമെന്ന വിവരം മേലധികാരിയായ അക്കൗണ്ട്സ് വിഭാഗം സൂപ്രണ്ടിനെ ഫോൺ മുഖാന്തിരം അറിയിച്ചിരുന്നു. തുടർന്ന് 10.40AM ന് ഓഫീസിലെത്തുകയും ചെയ്തു. എന്നാൽ അറ്റൻഡൻസ് രജിസ്റ്റർ വിജിലൻസ് ഉദ്യോഗസ്ഥരുടെ കൈവശമായിരുന്നു. തുടർന്നുള്ള എൻക്വയറികൾക്ക് ശേഷം 11.00 AM സമയം രേഖപ്പെടുത്തി അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പിടാൻ അനുവദിച്ചിരുന്നു.

ആയതിനാൽ മനഃപൂർവമല്ലാതെയുള്ള വീഴ്ച മാപ്പാക്കി അച്ചടക്കനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരുന്നു.

5. കുറ്റാരോപണ മെമ്മോയ്ക്ക് പ്രസ്തുത ജീവനക്കാർ സമർപ്പിച്ച എതിർവാദപത്രികയിൽ ജില്ലാജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം 3 റിപ്പോർട്ട് പ്രകാരം വിജിലൻസ് പരിശോധന ദിവസം നടന്ന 27/05/2019 ന് ജി.സുരേഷ് (ഓഫീസ് അറ്റൻഡന്റ്) ആഫീസിൽ ഹാജരാകാതിരുന്നതിന് നൽകിയ കുറ്റാരോപണ മെമ്മോക്കുള്ള മറുപടിയിൽ ശരീരികാസ്വാസ്ഥ്യം അനുഭവപ്പെട്ട് സാഹചര്യത്തിലാണ് അന്നേദിവസം ആഫീസിൽ ഹാജരാകാൻ കഴിയാതെ പോയതെന്നാണ് ടിയാൾ അറിയിച്ചിരുന്നത്. നാളിതുവരെ അക്ഷന്തവ്യമായ കൃത്യവിലോപങ്ങൾ ടിയാനെതിരെ ഇല്ലാത്തതും സ്ഥിരമായി ആഫീസിൽ ഹാജരാകുന്ന ഉദ്യോഗസ്ഥനുമാണെന്ന് അന്വേഷണത്തിൽ അറിയാൻ സാധിച്ചിട്ടുണ്ട് എന്നും ഓഫീസിൽ ഹാജരാകാതിരിക്കുന്നത് സംബന്ധിച്ച് യഥാസമയം അധികൃതരെ അറിയിക്കുക എന്നത് അനിവാര്യമായും ചെയ്യേണ്ടതായിരുന്നു എന്നും ആയതിനാൽ മേലിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കാതിരിക്കുന്നതിന് ജാഗ്രത പുലർത്തണമെന്ന് നിർദ്ദേശം നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6. വിജിലൻസ് മിന്നൽ പരിശോധന നടത്തിയപ്പോൾ സീനിയർ ക്ലാർക്ക് ശ്രീമതി അഖില. വി.ആർ താമസിച്ച് ആഫീസിൽ ഹാജരായി എന്ന കുറ്റാരോപണമെമ്മോക്ക് ടിയാരിയുടെ മറുപടിയിൽ നടത്തിയ അന്വേഷണത്തിൽ ടി ഉദ്യോഗസ്ഥ കൃത്യനിഷ്ഠയുള്ള ഉദ്യോഗസ്ഥയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്നും കൂടാതെ substantial ആയ യാതൊരു ആരോപണവും ഇല്ലാത്ത ഉദ്യോഗസ്ഥ കൂടിയാണ് എന്നതിനാൽ പ്രതിവാദ പത്രികയിലെ വാദം അംഗീകരിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്യുന്നു. നിലവിൽ കൊല്ലം കോർപ്പറേഷനിൽ ഓഫീസ് അറ്റൻഡന്റായി ജോലി നോക്കുന്ന ശ്രീ. ജി. സുരേഷ്, വർക്കല നഗരസഭയിൽ സീനിയർ ക്ലർക്കായി ജോലി നോക്കുന്ന ശ്രീമതി അഖില വി.ആർ എന്നിവരുടെ സേവനം തൃപ്തികരമാണെന്ന് അതത് തദ്ദേശ സ്ഥാപന സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്നും അറിയിക്കുന്നു.

7. ശ്രീമതി അനിതാകുമാരി എന്നയാൾക്ക് 24/12/2014 ൽ ഒക്കുപ്പൻസി അനുവദിക്കാനായി നൽകിയ ഫയൽ ബിൽഡിംഗ് പെർമിറ്റ് ഫയലുമായി അറ്റാച്ച് ചെയ്തത് യഥാസമയം തുടർനടപടി സ്വീകരിച്ചില്ലായെന്ന ശ്രീ. നാദിർഷ, സീനിയർ ക്ലർക്കിനെതിരായ ആരോപണത്തിലെ പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, ടി ജീവനക്കാരൻ പുനലൂർ നഗരസഭ ടൌൺ പ്ലാനിംഗ് വിഭാഗത്തിൽ 2016 ജൂലൈ 23 തീയതി മുതൽ 2017 ഫെബ്രുവരി മാസം വരെ മാത്രമേ ജോലി ചെയ്തിട്ടുള്ളൂ എന്നും 24/12/2016 ലാണ് ഒക്കുപ്പൻസിയ്ക്കായി അപേക്ഷ സമർപ്പിച്ചത്. ടി അപേക്ഷയിൻമേൽ പ്രഥമ നടപടികൾ സ്വീകരിച്ചത് 2017 ജൂൺ മാസത്തിൽ മാത്രമാണ് എന്നും അറിയിക്കുന്നു. ടി കാലതാമസത്തിന് ബന്ധപ്പെട്ട കാലയളവിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ നിരുത്തരവാദിത്വപരമായ നടപടികളാണെന്ന് അനുമാനിക്കാവുന്നതാണ് എന്നും എന്നാൽ ടി കാലതാമസത്തിൽ ഒന്നര മാസക്കാലം മാത്രമാണ് പ്രസ്തുത ഉദ്യോഗസ്ഥൻ ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ ജോലി ചെയ്തിട്ടുള്ളത് എന്നും അറിയിക്കുന്നു. എന്നാൽ ശ്രീ. നാദിർഷ കെ-യുടെ സർവ്വീസ് ഹിസ്റ്ററി പരിശോധിക്കുമ്പോൾ അഴിമതി നടത്തിയതിന് വിജിലൻസ് അന്വേഷണം നേരിടുന്ന ആളാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്നും നിലവിൽ തൃശ്ശൂർ കോർപ്പറേഷനിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. നാദിർഷ കെ VC/09/2023//U7(A) TSR ഓഫ് പിസി ആക്ട് 1988 നമ്പർ

കേസുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അറസ്റ്റ് ചെയ്തതിനെ തുടർന്ന് പ്രിൻസിപ്പൽ ഡയറക്ടറുടെ 03/08/2023 തീയതിയിലെ LSGD/PD/40462/2023-VIGC5 നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഷനിലാവുകയും അച്ചടക്കനടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും സർക്കാരിന്റെ കത്ത് പ്രകാരം പ്രസ്തുത സസ്പെൻഷൻ റദ്ദാക്കി ടിയാനെ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നുള്ള വിവരവും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

8. സർക്കാർ ഇക്കാര്യം, ജീവനക്കാരുടെ പ്രതിവാദപത്രികയുടേയും, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ 27/05/2019 ൽ അനുവാദം കൂടാതെ അവധിയിലായിരുന്നു എന്ന ആരോപണത്തിൽ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ. ജി. സുരേഷിന്റെ വിശദീകരണവും, വിജിലൻസ് മിന്നൽ പരിശോധന നടത്തിയപ്പോൾ സീനിയർ ക്ലാർക്ക് ശ്രീമതി അഖില. വി.ആർ താമസിച്ച് ആഫീസിൽ ഹാജരായി എന്ന കുറ്റാരോപണത്തിന് ടിയാരിയുടെ പ്രതിവാദ പത്രികയിലെ വാദവും അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു. എന്നാൽ ഒക്കുപ്പൻസി അനുവദിക്കാനായി നൽകിയ ഫയൽ ബിൽഡിംഗ് പെർമിറ്റ് ഫയലുമായി അറ്റാച്ച് ചെയ്തത് യഥാസമയം തുടർനടപടി സ്വീകരിച്ചില്ലായെന്ന ആരോപണത്തിൽ ശ്രീ. നാദിർഷ, സീനിയർ ക്ലർക്കിന്റെ ഭാഗത്ത് നിന്ന് മനപൂർവ്വമല്ലാത്ത വീഴ്ച വന്നിട്ടുള്ളതായി കാണുന്നു. കൂടാതെ ടിയാനെതിരേ മറ്റൊരു നഗരസഭയിൽ വിജിലൻസ് കേസ് നിലവിലുള്ളതായും കാണുന്നു. ടിയാൻ ഒന്നര മാസക്കാലം മാത്രമാണ് പുനലൂർ നഗരസഭയിലെ ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ ജോലി ചെയ്തിട്ടുള്ളത് എന്നുള്ളതു പരിഗണിക്കാവുന്നതുമാണ്.

9. മേൽ സാഹചര്യത്തിൽ വിജിലൻസ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പുനലൂർ നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ജി സുരേഷ്, സീനിയർ ക്ലർക്ക് ശ്രീമതി. അഖില വി.ആർ, സീനിയർ ക്ലർക്ക് ശ്രീ. നാദിർഷ, എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി, ശ്രീ. ജി സുരേഷ്, ശ്രീമതി. അഖില വി.ആർ, എന്നിവർക്കെതിരായ തുടർനടപടികൾ, പ്രസ്തുത ഉദ്യോഗസ്ഥരുടെ വിശദീകരണത്തിൻറെയും, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കിയും, ശ്രീ. നാദിർഷ-യ്ക്കെതിരേ, ഒക്കുപ്പൻസി അനുവദിക്കാനായി നൽകിയ ഫയൽ ബിൽഡിംഗ് പെർമിറ്റ് ഫയലുമായി അറ്റാച്ച് ചെയ്തത് യഥാസമയം തുടർനടപടി സ്വീകരിച്ചില്ലായെന്ന ആരോപണത്തിൽ ടിയാന്റെ ഭാഗത്ത് നിന്ന് മനപൂർവ്വമല്ലാത്ത വീഴ്ച വന്നിട്ടുള്ളതായി കാണുന്നതിനാലും, കൂടാതെ ടിയാനെതിരേ മറ്റൊരു നഗരസഭയിൽ വിജിലൻസ് കേസ് നിലവിലുള്ളതിന്റെ അടിസ്ഥാനത്തിലും, ടിയാന്റെ ഭാഗത്ത് നിന്നുണ്ടായ മനപൂർവ്വമല്ലാത്ത വീഴ്ചയ്ക്ക് KCS (CC&A) Rules 1960 ചട്ടം 11 (1) പ്രകാരം 'Censure' നൽകിയും, അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 13-01-2025 15:38:09

സെക്ഷൻ ഓഫീസർ